# സാമൂഹ്യശാസ്ത്രം I

### *അധ്യായം 5*



## സംസ്കാരവും ദേശീയതയും

1.ദേശീയത എന്നാലെന്ത് ?

ജാതി-മത-വർഗ-പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത.

2. ഇന്ത്യയുടെ ദേശീയ ഐക്യത്തിന് സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?

- ➔ ഇന്ത്യൻ ജനതയുടെ സാംസ്കാരികവും ആശയപരവുമായ ഇടപെടലും പ്രതിഷേധവും സാമൂഹികജീവിതവും.
- ➔ വർത്തമാനപത്രങ്ങൾ
- ➔ വിദ്യാഭ്യാസം
- ➔ സാഹിത്യം, കല

3. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരികരംഗത്തും ആശയതലങ്ങളിലും രണ്ടു തരത്തിലുള്ള പ്രതിഷേധങ്ങൾ ഉയർന്നുവന്നു. അവ ഏവ?

1. ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശനിഷേധങ്ങൾക്കും എതിരായവ.
2. ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ചൂഷണത്തിന് എതിരായവ.

4. ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നതിനായി ബ്രിട്ടീഷുകാർ സ്ഥാപിച്ച സ്ഥാപനങ്ങൾ ഏതെല്ലാം?

SPJ MTDMHSS THONDE

| സ്ഥാപനങ്ങൾ | സ്ഥാപകർ |
|---|---|
| ● ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | ● വില്യം ജോൺസ് |
| ● കൽക്കട്ട മദ്രസ | ● വാറൻ ഹേസ്റ്റിങ്സ് |
| ● ബനാറസ് സംസ്കൃത കോളേജ് | ● ജോനാഥൻ ഡങ്കൻ |

5. "രക്തത്തിലും വർണത്തിലും ഇന്ത്യാക്കാരും അഭിരുചിയിലും അഭിപ്രായത്തിലും ധാർമികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരുമായ ഒരു വർഗത്തെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം." ഇത് ആരുടെ അഭിപ്രായമാണ്?

മെക്കാളെ പ്രഭു

6. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയ വർഷം ?

1835

7. "രക്തത്തിലും വർണത്തിലും ഇന്ത്യാക്കാരും അഭിരുചിയിലും അഭിപ്രായത്തിലും ധാർമികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരുമായ ഒരു വർഗത്തെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം." മെക്കാളെ പ്രഭുവിന്റെ ഈ അഭിപ്രായത്തിൽ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങൾ കണ്ടെത്തുക?

- ഇംഗ്ലീഷുകാരുടെ ജീവിതരീതികളോട് താൽപര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക.
- അഭിരുചിയിലും അഭിപ്രായത്തിലും ഇംഗ്ലീഷുകാരായ ഇന്ത്യക്കാരെ സൃഷ്ടിക്കുക.
- ധാർമികതയിലും ബുദ്ധിയിലും ഇംഗ്ലീഷുകാരോട് വിധേയത്വമുള്ള തലമുറയെ സൃഷ്ടിക്കുക.

8. ബ്രിട്ടീഷ് കോളനിഭരണം ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായതെങ്ങനെ? വിലയിരുത്തുക?

- ഇംഗ്ലീഷ് സംസ്കാരവും ആശയങ്ങളും ഇന്ത്യൻ സമൂഹത്തിലേക്ക് കടന്നു കയറിയപ്പോൾ അവയെ പ്രതിരോധിക്കേണ്ടത് അനിവാര്യമാണെന്ന് ഒരു വിഭാഗം കരുതി.
- ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും അതിലൂടെ ജനാധിപത്യം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്രബോധം, സോഷ്യലിസം, പൗരാവകാശങ്ങൾ എന്നിവയെക്കുറിച്ച് ബോധവാന്മാരാവുകയും ചെയ്തവരായിരുന്നു ഇങ്ങനെ ചിന്തിച്ചത്.
- ഇന്ത്യയിൽ നിലനിന്ന സാമൂഹികാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കാൻ ശ്രമിച്ചു.

SPJ MTDMHSS THONDERNAD

- ഇന്ത്യൻ സമൂഹം, ഭാഷ, കല, സാഹിത്യം തുടങ്ങിയവ നവീകരിച്ചു.
- ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങളെയും അവകാശനിഷേധങ്ങളെയും ചെറുത്തു.
- ഇന്ത്യൻ ജനതയിൽ ഐക്യബോധവും ദേശീയതയും വളർന്നു.

9. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വ്യത്യസ്ത സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ചതെന്തെല്ലാം?

- സ്വതന്ത്രചിന്ത
- ആധുനികവൽക്കരണത്തോടുള്ള താൽപര്യം
- യുക്തിചിന്ത.

10. ഇന്ത്യയിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ വ്യക്തമാക്കുക?

ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.

- എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

11. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാം?

- ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
- സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
- വിധവാ പുനർവിവാഹം നടപ്പിലാക്കുക.
- ശൈശവവിവാഹം, പൗരോഹിത്യമേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

12. ഇന്ത്യൻ സമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിലും അതുവഴി ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിലും രാജാ റാം മോഹൻ റോയ് വഹിച്ച പങ്ക് വിശദീകരിക്കുക?

- ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി വാദിച്ച ആദ്യത്തെ വ്യക്തി.
- ജാതിവ്യവസ്ഥയെയും, സതി എന്ന ദുരാചാരത്തെയും ശക്തമായി എതിർത്തു.
- ബ്രഹ്മസമാജം ബംഗാളിൽ സ്ഥാപിച്ചു.
- വിവിധ ജാതികളുടെ സ്ഥാനത്ത് ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിനുമേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.

SPJ MTDMHSS THONDERNAD

13. ഇന്ത്യയിലെ പരിഷ്കരണ പ്രസ്ഥാനങ്ങളെയും അവയ്ക്ക് നേതൃത്വം നൽകിയവരെയും പട്ടികപ്പെടുത്തുക.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| • ആര്യസമാജം | • സ്വാമി ദയാനന്ദ സരസ്വതി | • വിഗ്രഹാരാധന, ശൈശവവിവാഹം എന്നിവയെ എതിർത്തു. |
| • രാമകൃഷ്ണമിഷൻ | • സ്വാമി വിവേകാനന്ദൻ | • ജാതിവ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു.<br>• സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| • അലിഗഡ് പ്രസ്ഥാനം | • സർ സയ്യിദ് അഹമദ് ഖാൻ | • ഇന്ത്യയിലെ മുസ്ലിംങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി വാദിച്ചു. |
| • പ്രാർഥനാസമാജം | • ആത്മാറാം പാണ്ഡുരംഗ് | • മിശ്രഭോജനം,മിശ്രവിവാഹം, വിധവാ പുനർവിവാഹം, സ്ത്രീകളുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും പുരോഗതി എന്നിവയ്ക്കായി നിലകൊണ്ടു. |
| • തിയോസഫിക്കൽ സൊസൈറ്റി | • ആനിബസന്റ് | • ഹിന്ദുമതത്തിന്റെ പുനരുത്ഥാനത്തിനായി നിലകൊണ്ടു. |
| • ഹിതകാരിണി സമാജം | • വീരേശലിംഗം | • വിധവാ പുനർവിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുമായി പ്രചാരണം നടത്തി. |
| • സത്യശോധക് സമാജം | • ജോതിബാ ഫൂലെ | • ദുരാചാരങ്ങളെയും പുരോഹിത മേധാവിത്വത്തെയും എതിർത്തു<br>• പിന്നാക്കവിഭാഗക്കാർക്കായി വിദ്യാലയങ്ങളാരംഭിച്ചു. |
| • സ്വാഭിമാനപ്രസ്ഥാനം | • ഇ.വി. രാമസ്വാമി നായ്ക്കർ | • ബ്രാഹ്മണമേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും എതിർത്തു. |
| • ശ്രീനാരായണധർമ്മ പരിപാലനയോഗം | • ശ്രീനാരായണഗുരു | • ജാതിവ്യവസ്ഥയെയും ദുരാചാരങ്ങളെയും എതിർത്തു.<br>• പിന്നാക്ക ജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

14. ഇന്ത്യൻ സാമൂഹികപരിഷ്കർത്താക്കളിൽ ഈശ്വരചന്ദ്ര വിദ്യാസാഗർ, പണ്ഡിത രമാബായി എന്നിവരുടെ പങ്ക് പരിശോധിക്കുക?

**ഈശ്വരചന്ദ്ര വിദ്യാസാഗർ**

- വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തനം നടത്തി.
- അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി 1856 ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഹിന്ദു വിധവാ പുനർവിവാഹ നിയമം പസാക്കി.
- സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി വിദ്യാലയങ്ങൾ സ്ഥാപിച്ചു.

**പണ്ഡിത രമാബായി**

വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു.

15. സാമൂഹിക പരിഷ്കർത്താക്കളുടെയും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച അനാചാരങ്ങൾ ഏതെല്ലാം?

- പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.
- പെൺ ശിശുഹത്യ നിരോധിച്ചു.
- സതി നിരോധിച്ചു.
- വിധവാ പുനർവിവാഹം നടപ്പിലാക്കി.
- അടിമത്തം നിരോധിച്ചു.
- ശൈശവ വിവാഹവും ബഹുഭാര്യത്വവും നിരോധിച്ചു.

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD
9747585905

SPJ MTDMHSS THONDERNAD